"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - മാനേജർ, നാഷണൽ എച്ച്.എസ്.എസ് വട്ടോളി, സമർപ്പിച്ച കാറ്റഗറി II റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1442/2026/GEDN തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ നാഷണൽ എച്ച്.എസ്.എസ് വട്ടോളി, മാനേജർ, സമർപ്പിച്ച 31/10/2025 ലെ കാറ്റഗറി II റിവിഷൻ ഹർജി.
2. കോഴിക്കോട് ജില്ലയിലെ നാഷണൽ എച്ച്.എസ്.എസ് വട്ടോളി, മാനേജർ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. 44445/2025 മേലുള്ള 27/11/2025 ലെ വിധിന്യായം.
3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/1/2026 ലെ DEOVKA/2811/2025-B2 നമ്പർ കത്ത്.

**ഉത്തരവ്**

വടകര വിദ്യാഭ്യാസ ജില്ലയിലെ നാഷണൽ എച്ച്.എസ്.എസ് വട്ടോളി മാനേജർ 2025-26 വർഷം അനുവദിക്കേണ്ടിയിരുന്ന 8-ാം ക്ലാസിലേയും 9-ാം ക്ലാസിലേയും 1 വീതം അധിക ഡിവിഷനുകൾ അനുവദിച്ച് ഉത്തരവാകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച കാറ്റഗറി II റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജറുടെ പ്രതിനിധി വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ 21.01.2026 ന് കേൽക്കുയുണ്ടായി

(2) റിവിഷൻ ഹർജിയുടെ സംഗ്രഹവും ഹിയറിംഗ് വേളയിലെ മാനേജറുടെ വാദവും ചുവടെ ചേർക്കുന്നു.

വടകര വിദ്യാഭ്യാസ ജില്ലയിലെ നാഷണൽ എച്ച്.എസ്.എസ് വട്ടോളിയിൽ 2025-26 വർഷത്തെ ഫിറ്റ് നസ് സർട്ടിഫിക്കറ്റ് പ്രകാരം ആകെ 70 ക്ലാസ് മുറികൾ ലഭ്യമാണ്. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നം. ദീ.തീ./ബി2/859914/2025 തീയ്യതി 16.08.2025 തസ്തിക നിർണ്ണയ ഉത്തരവിൽ 2025-26 വർഷം പ്രസ്തുത 70 ക്ലാസ് മുറികൾ അനുവദിച്ചിട്ടുമുള്ളതാണ്. എന്നാൽ, ഇതിൽ എക്സ് ട്രാ ക്ലാസ് മുറികളായി 5 എണ്ണമാണ് തെറ്റായി കണക്കാക്കിയിരിക്കുന്നത്. ചട്ടപ്രകാരം

ഹൈസ്കൂളിൽ 4 ക്ലാസ് മുറികൾ മാത്രമേ എക്സ്ട്രാ ക്ലാസ് മുറികളായി വേണ്ടതുള്ളൂ. സ്കൂളിന്റെ അക്കോമഡേഷൻ പ്ലാൻ പ്രകാരമുള്ള ക്ലാസ് മുറികൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ആകെ ക്ലാസ് മുറികൾ | **70** | റിമാർക്സ് |
| എക്സ്ട്രാ ക്ലാസ് മുറികൾ വേണ്ടത് | **4** | ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്, ലൈബ്രേറി, ഐ.ടി ലാബ് etc |
| ലഭ്യമായ മറ്റ് എക്സ് ട്രാ ക്ലാസ് മുറികൾ | **2** | |
| ഡിവിഷൻ അനുവദിക്കുന്നതിന് ലഭ്യമായ ക്ലാസ് മുറികൾ | **64** | |

അപ്രകാരം 4 എക്സ്ട്രാ ക്ലാസ് മുറികൾക്ക് പകരം 6 എണ്ണം കണക്കാക്കിയാൽ പോലും 2025-26 വർഷം നാഷണൽ എച്ച്.എസ്.എസ് വട്ടോളിയിൽ ഡിവിഷൻ കണക്കാക്കുന്നതിന് 64 ക്ലാസ് മുറികൾ ലഭ്യമാണ്. (അക്കോമഡേഷൻ പ്ലാൻ ഉള്ളടക്കം ചെയ്യുന്നു).

സമ്പൂർണ്ണ ഡാറ്റ പ്രകാരം വാലിഡ് ആയ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച ഡിവിഷനുകളുടെ വിശദാംശങ്ങൾ താഴെ തന്നിരിക്കുന്നു. (സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു).

| ക്ലാസ്/എണ്ണം/ഡിവിഷൻ | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| ഇഫക്ടീവ് സ്ട്രെങ്ത്ത് | | | | | 146 | 183 | 212 | 642 | 623 | 556 | 2362 |
| നിർദ്ദിഷ്ട പി.റ്റി.ആർ പ്രകാരം അർഹതയുള്ള ഡിവിഷൻ | | | | | 5 | 6 | 7 | 19 | 14 | 13 | 64 |
| മുൻ വർഷം നില നിന്നിരുന്ന ഡിവിഷനുകൾ | | | | | 5 | 6 | 7 | 18 | 13 | 13 | 62 |
| 2025-26 വർഷം DEO അനുവദിച്ച് ഡിവിഷനുകൾ | | | | | 5 | 6 | 7 | 18 | 13 | 13 | 62 |
| 2025-26 വർഷം DGE ക്ക് റിപ്പോർട്ട് ചെയ്യേണ്ടിയിരുന്ന അധിക ഡിവിഷനുകൾ | | | | | 0 | 0 | 0 | 1 | 1 | 0 | 2 |

എന്നാൽ, അപ്രകാരം 2025-26 വർഷം പൊതു വിദ്യാഭ്യാസ ഡയരക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടിയിരുന്ന 2 അധിക ഡിവിഷനുകൾ (8-ാം ക്ലാസ്- 1, 9-ാം ക്ലാസ്- 1) പൊതു വിദ്യാഭ്യാസ ഡയരക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 29.09.2025ന് സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ (Ext-P3) ബഹു. ഹൈകോടതിയുടെ WP(C) 44445/2025 കേസിന്മേലുള്ള 27.11.2025 തീയ്യതി വിധിന്യായ പ്രകാരം സ്കൂളിന് 2025-26 വർഷം ചട്ടപ്രകാരം അനുവദിക്കേണ്ടിയിരുന്ന 8-ാം ക്ലാസിലേയും 9-ാം ക്ലാസിലേയും 1 വീതം അധിക ഡിവിഷനുകൾ സർക്കാറിന് റിപ്പോർട്ട്

ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

മേൽ വിവരിക്കപ്പെട്ട സാഹചര്യത്തിലും, അധിക ഡിവിഷനുകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇനിയും വരാത്ത സാഹചര്യത്തിലും, ഞാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ ബഹു. ഹൈകോടതിയുടെ WP(C) 44445/2025 കേസിന്മേലുള്ള 27.11.2025 തീയ്യതിയിലെ നിർദ്ദേശമനുസരിച്ച് വട്ടോളി വടകര നാഷണൽ എച്ച്.എസ്.എസിന് ചട്ട പ്രകാരം 2025-26 വർഷം അനുവദിക്കേണ്ടിയിരുന്ന 8-ാം ക്ലാസിലേയും 9-ാം ക്ലാസിലേയും 1 വീതം അധിക ഡിവിഷനുകൾ അനുവദിക്കുന്നതിനാവശ്യമായ കെ.ഇ.ആർ അധ്യായം 23, ചട്ടം 12(5) പ്രകാരമുള്ള ശുപാർശ എത്രയും വേഗം സർക്കാറിന് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, അപ്രകാരം ലഭിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ടി അധിക ഡിവിഷനുകളും അതനുസരിച്ചുള്ള തസ്തികകളും അനുവദിക്കുന്നതിനുമുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി ഉത്തരവാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

(3) ഈ വിഷയത്തിലുള്ള വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:-

കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എയ്ഡഡ് വിദ്യാലയമാണ് വട്ടോളി നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. ടി സ്കൂളിൽ 5 മുതൽ 12 വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു. ടി ഓഫീസിലെ ഉത്തരവ് നമ്പർ ദീ. തീ. B2/859914/2025 തീയതി 16/08/2025 പ്രകാരം ഹൈ സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയം നടത്തി ഉത്തരവായിരുന്നു. ആയതിൽ 8,9 ക്ലാസ്സുകളിൽ അധിക തസ്തിക അനുവദിക്കുന്നതിന് മേൽ ഓഫീസിൽ നിന്നും ശിപാർശ സമർപ്പിക്കാതിരുന്നതിനെതിരെയാണ് മാനേജർ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

തസ്തിക നിർണയ ഉത്തരവ് പ്രകാരം ടി വർഷം ആകെ 70 മുറികൾ ആണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 5 മുറികളിൽ പ്രവർത്തിക്കുന്ന എക്സ്ട്രാ സ്പേസ് ഒഴിച്ച് ആകെ 65 ക്ലാസ് മുറികൾ അനുവദിച്ചിട്ടുണ്ട്. തസ്തിക നിർണയ ഉത്തരവ് പ്രകാരം ടി സ്കൂളിലെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം, എഫക്റ്റീവ് സ്ട്രെങ്ത്, അനുവദിച്ച ഡിവിഷനുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്ലാസ് | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|
| ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ | 146 | 183 | 212 | 645 | 623 | 556 | 2365 |

| | | | | | | | |
|---|---|---|---|---|---|---|---|
| എണ്ണം | | | | | | | |
| വാലിഡ് യു.ഐ .ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത് | **146** | **183** | **212** | **642** | **623** | **556** | **2362** |
| ഇഫക്ടിവ് സ്ട്രെങ്ത് | **146** | **183** | **212** | **642** | **623** | **556** | **2362** |
| പി.റ്റി .ആർ . പ്രകാരം അർഹതയുള്ള ഡിവിഷനുകൾ | **5** | **6** | **7** | **19** | **14** | **13** | **UP-18**<br>**HS - 46**<br>ആകെ = **64** |
| മുൻ വർഷം **(2024-25)** അനുവദിച്ച ഡിവിഷൻ | **5** | **6** | **7** | **18** | **13** | **13** | **UP-18**<br>**HS -44**<br>ആകെ = **62** |
| **2025-26** വർഷം അനുവദിച്ച ഡിവിഷൻ | **5** | **6** | **7** | **18** | **13** | **13** | **UP-18**<br>**HS -44**<br>ആകെ = **62** |

ടി സ്കൂളിൽ മുൻ വർഷം **(2024-25)** യു പി വിഭാഗത്തിൽ ആകെ **18** ഡിവിഷനും ഹൈസ്കൂൾ വിഭാഗത്തിൽ ആകെ **44** ഡിവിഷനുമാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷം **(2025-26)** പ്രധാനാദ്ധ്യാപിക തസ്തിക നിർണയത്തിനായി സമന്വയ മുഖേന സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ആകെ **65** ക്ലാസ് മുറികളും പി.ടി.ആർ പ്രകാരം എട്ടാം ക്ലാസിലും ഒൻപതാം ക്ലാസിലും ഓരോ അധിക ഡിവിഷനും അനുവദിക്കുന്നതിന് സാധ്യത കണ്ടെത്തിയതിനാൽ **16/07/2025** തീയ്യതി വിദ്യാലയം സന്ദർശിച്ചു.

പ്രസ്തുത വിദ്യാലയ സന്ദർശനത്തിൽ **6** ക്ലാസ് മുറികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും പ്ലാനിൽ കാണിച്ചത് പ്രകാരമല്ല ക്ലാസ് പ്രവർത്തിക്കുന്നത് എന്നും കണ്ടെത്തി. പ്ലാൻ പ്രകാരം കാണിച്ച, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച ക്ലാസുകൾ ഒഴിച്ചിടുകയോ ആയതിൽ **4** ൽ അധികം ക്ലാസുകൾ എക്സ്ട്രാ സ്പേസ് ആയി പ്രവർത്തിക്കുകയോ ചെയ്യുന്നതായി കണ്ടെത്തി. ആയതിനാൽ കുട്ടികളെ അടിയന്തിരമായി ഫിറ്റ്നസ്

സർട്ടിഫിക്കറ്റ് ലഭിച്ച ക്ലാസ്സിലേക്ക് മാറ്റാൻ നിർദ്ദേശം നൽകി. പ്രസ്തുത നിർദ്ദേശങ്ങൾ ഇൻസ്പെക്ഷൻ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

പ്രസ്തുത സാഹചര്യത്തിലാണ് ടി സ്കൂളിൽ 2025-26 വർഷം 8, 9 ക്ലാസുകളിൽ അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കാതിരുന്നത്. ആയതിനാൽ മുൻ വർഷം അനുവദിച്ച അതേ ഡിവിഷനുകളും തസ്തികകളും അനുവദിച്ച് തസ്തിക നിർണയം പൂർത്തീകരിച്ച് ഉത്തരവ് നൽകി.

(4) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എയ്ഡഡ് വിദ്യാലയമാണ് വട്ടോളി നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. ടി സ്കൂളിൽ 5 മുതൽ 12 വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.08.2025 തീയതിയിലെ ഉത്തരവ് നമ്പർ ദീ. തീ. B2/859914/2025 പ്രകാരം ഹൈ സ്കൂളിന്റെ 2025-26 വർഷത്തെ തസ്തിക നിർണ്ണയം നടത്തി ഉത്തരവായിരുന്നു. ആയതിൽ 8,9 ക്ലാസ്സുകളിൽ അധിക തസ്തിക അനുവദിക്കുന്നതിന് മേൽ ഓഫീസിൽ നിന്നും ശിപാർശ സമർപ്പിക്കാതിരുന്നതിനെതിരെയാണ് മാനേജർ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

2025-2026 വർഷം അനുവദിക്കേണ്ടിയിരുന്ന 8-ാം ക്ലാസിലേയും 9-ാം ക്ലാസിലേയും 1 വീതം അധിക ഡിവിഷനുകൾ അനുവദിച്ച് ഉത്തരവാകണമെന്നതാണ് റിവിഷൻ ഹർജിയിലെ (Exhibit P4) ആവശ്യം.

മാനേജർ ഇതേ വിഷയം ഉന്നയിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ (Exhibit P3) സമർപ്പിക്കുകയും അതേ സമയം ബഹു. ഹൈക്കോടതിയിൽ 44445/2025 നമ്പറായി റിട്ട് ഹർജി ഫയൽ ചെയ്യുകയും ടി റിട്ട് ഹർജിയിന്മലുള്ള 27.11.2025 ലെ പരാമർശം (2) വിധിന്യായത്തിൽ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച Exhibit P3 റിവിഷൻ അപ്പീൽ പരിശോധിച്ച് ടിയാനെ നേരിൽകേട്ട് രണ്ട് മാസത്തിനകം തീരുമാനം കൈക്കൊള്ളാനായി 2-ാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ബഹു.ഹൈക്കോടതിയുടെ 44445/2025 -ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള 27.11.2025 ലെ വിധിന്യായം സമയബന്ധിതമായി പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്കായി മാനേജർ സമർപ്പിച്ചിട്ടുള്ള കാറ്റഗറി II റിവിഷൻഹർജി (Exhibit P4) പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റമിറ്റ് ചെയ്തുകൊണ്ട് റിവിഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്ക്കർ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
മാനേജർ, നാഷണൽ എച് എസ് എസ്, വട്ടോളി, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Asha Rani M
Date: 19-02-2026 16:42:47

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ